**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1266** **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്ട്രീറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നമ്മുടെ പൈതൃകവും ചരിത്രവും പരിപോഷിപ്പിച്ചു കൊണ്ട് ടൂറിസം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച സ്ട്രീറ്റ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | UNWTO യുടെ 'ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത്' എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ്. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളെ തീം ബേസ്ഡ് സ്ട്രീറ്റുകൾ ആയി തിരിച്ചുകൊണ്ടു റീബ്രാൻഡ് ചെയ്യുകയും പുതിയ കേന്ദ്രങ്ങളെ തീം ബേസ്ഡ് സ്ട്രീറ്റുകളായി വളർത്തിക്കൊണ്ടു വരികയും ചെയ്യുക എന്നുള്ളതാണ് സ്ട്രീറ്റ് പദ്ധതിയുടെ ലക്ഷ്യം. കൂടാതെ ടൂറിസം കേന്ദ്രങ്ങളിലെ തിരക്ക് വളരെകുറച്ച് സ്ഥലത്ത് മാത്രം കേന്ദ്രീകരിക്കുന്ന സ്ഥിതി വിശേഷം മാറ്റുന്നതിനും, സമീപ പ്രദേശങ്ങളിൽ കൂടി ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ടു സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്തുക എന്നുള്ളതും പദ്ധതിയുടെ ലക്ഷ്യമാണ്. |
| (ബി) | പദ്ധതി സംബന്ധിച്ച് പ്രാദേശികമായ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലത്താണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളെയും ടൂറിസം സാധ്യത ഉള്ള പ്രദേശങ്ങളെയുമാണ് ആദ്യഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറവന്തുരുത്ത് പഞ്ചായത്ത്, അയ്മനം പഞ്ചായത്തിലെ മാഞ്ചിറ പ്രദേശം, തൃത്താല പഞ്ചായത്ത്, പട്ടിത്തറ പഞ്ചായത്ത്, പുൽപ്പള്ളി പഞ്ചായത്തിലെ ചെകാടി പ്രദേശം, കടലുണ്ടി പഞ്ചായത്ത്, അഞ്ചരക്കണ്ടി പഞ്ചായത്ത്, പിണറായി പഞ്ചായത്ത്, കാന്തല്ലൂർ പഞ്ചായത്ത്, വലിയ പറമ്പ പഞ്ചായത്ത് എന്നിങ്ങനെ 10 പ്രദേശങ്ങളിൽ ആണ് ആദ്യ ഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വൈവിധ്യങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഓരോ പ്രോജക്റ്റ് എരിയയിലും എത്ര പദ്ധതികൾ വീതമാണ് | (സി) | പദ്ധതിയുടെ ഭാഗമായി ഓരോ പ്രദേശത്തെയും സാധ്യത അനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന വിവിധ സ്ട്രീറ്റുകൾ ആയി തിരിക്കുന്നു. 1. ഫാം ടൂറിസം/ അഗ്രി ടൂറിസം സ്ട്രീറ്റ് 2. വില്ലേജ് ലൈഫ് |

| | | | |
|---|---|---|---|
| | നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | | എക്സ്പീരിയൻസ് സ്ട്രീറ്റ് 3. കൾച്ചർ സ്ട്രീറ്റ് 4. പാചകരീതി / ഭക്ഷണ സ്ട്രീറ്റ് 5. വാട്ടർ സ്ട്രീറ്റ് ( 3 ടൈപ്പ് – ബാക്ക് വാട്ടർ സ്ട്രീറ്റ്, റിവർ സ്ട്രീറ്റ് , കനാൽ സ്ട്രീറ്റ് ) 6. ഗ്രീൻ സ്ട്രീറ്റ് 7. ആർട്ട് സ്ട്രീറ്റ് ഒരു സ്ട്രീറ്റ് ടൂറിസം കേന്ദ്രത്തിൽ കുറഞ്ഞത് 3 സ്ട്രീറ്റ് ഉണ്ടായിരിക്കണം. |
| (ഡി) | ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് വനിതാ സംരംഭകരുടെയും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെയും പദ്ധതികൾ പരമാവധി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ എല്ലാ പ്രവർത്തനങ്ങളെയും പോലെ സ്ത്രീകൾക്ക് കൂടുതൽ പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഭക്ഷണ സ്ട്രീറ്റ്, വില്ലേജ് ലൈഫ് എക്സ്പീരിയൻസ് സ്ട്രീറ്റ്, കൾച്ചർ സ്ട്രീറ്റ് എന്നിവയെല്ലാം സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ആണ്. സാധാരണക്കാരായ ജനങ്ങൾ ആണ് പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. പ്രദേശത്തിന്റെ സാധ്യത അനുസരിച്ച് അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വനിതകളുടെയും പാർശ്വവൽകൃത ജനവിഭാഗങ്ങളുടെയും പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നതാണ് |

സെക്ഷൻ ഓഫീസർ